പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 874** **14-10-2026-ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത്-നഗരൂർ-കരവാരം ശുദ്ധജല വിതരണ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത്-നഗരൂർ-കരവാരം ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണ്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് അറിയിക്കാമോ;

**മറുപടി:** ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളായ കിണറും പമ്പ്ഹൗസും, ജലശുദ്ധീകരണശാല, ജലസംഭരണികൾ തുടങ്ങിയവ നിർമ്മിക്കലും പ്രധാന ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കലുമുൾപ്പെടുന്ന ഒന്നാം ഘട്ട പ്രവൃത്തികൾക്കായി കിഫ്ബി വഴി 87.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. ഒന്നാം ഘട്ട പ്രവൃത്തികളിൽ പാവല്ലയിലെ ബൂസ്റ്റർ പമ്പ്ഹൗസിന്റെ റോഡ് പുനസ്ഥാപന പ്രവൃത്തിയുമൊഴികെ ബാക്കിയെല്ലാം പൂർത്തിയായി. ട്രയൽ റണ്ണിനുള്ള വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാവല്ലയിലെ ബൂസ്റ്റർ പമ്പ്ഹൗസിൻ്റെ നിർമ്മാണ പ്രവർത്തിയും, റോഡ് പുനസ്ഥാപന പ്രവൃത്തിയും പുരോഗമിക്കുകയാണ്.

ജലജീവൻ മിഷനിൽ ഉൾപ്പെട്ട രണ്ടാം ഘട്ട പ്രവൃത്തികൾ 58% പൂർത്തിയായി. ഇതുവരെ 5,806 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനി 9,632 കണക്ഷനുകൾ നൽകുകയും ശേഷിക്കുന്ന പൈപ്പുകൾ സ്ഥാപിക്കുകയും വേണം.

**(ബി)** പൂർത്തീകരണത്തിനായി എത്ര സമയം വേണ്ടിവരും എന്നാണ് വിലയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പദ്ധതി 2027 ഏപ്രിലോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**(സി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പേർക്കാണ് ഗാർഹിക കണക്ഷനുകൾ നൽകാൻ സാധിച്ചിട്ടുള്ളതെന്നും എത്ര കണക്ഷനുകളാണ് ഇനി അവശേഷിക്കുന്നതെന്നും ഉള്ള വിവരം ലഭ്യമാക്കാമോ;

**മറുപടി:** ജലജീവൻ മിഷനിലൂടെ ഇതുവരെ 5,806 ഗാർഹിക കണക്ഷനുകൾ നൽകി. ഇനി 9,632 കണക്ഷനുകൾ നൽകാനുണ്ട്.

**(ഡി)** ഇത് നൽകുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ജലവിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്നതുമായ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുമായും ജനപ്രതിനിധികളുമായും കൂടിയാലോചിച്ച് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**